# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1321

02-05-2017 ൽ മറുപടിയ്ക്ക്

# അതിവേഗ യാത്രാ കപ്പലുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി. ടി. തോമസ് :<br>ശ്രീ. കെ. എസ്. ശബരീനാഥൻ :<br>ശ്രീ. വി. ഡി. സതീശൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പലുകൾ സർവ്വീസ് ആരംഭിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം (വിഴിഞ്ഞം) - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് നടത്താനുള്ള യാത്രാകപ്പലിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) സംസ്ഥാനത്ത് ഏതൊക്കെ തുറമുഖങ്ങളാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | കോഴിക്കോട് (ബേപ്പൂർ), വിഴിഞ്ഞം (കോവളം), കൊല്ലം, കൊച്ചി തുറമുഖങ്ങളെയാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) പ്രസ്തുത തുറമുഖങ്ങളിൽ ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വിശദീകരിക്കുമോ ? | (സി) | യാത്രാക്കാർക്ക് വന്നിറങ്ങുന്നതിനും കയറുന്നതിനുമുള്ള വാർഫും പാസഞ്ചർ ടെർമിനലും ആണ് യാത്രാ കപ്പൽ ആരംഭിക്കുന്നതിനായി തുറമുഖങ്ങളിൽ വേണ്ട അടിസ്ഥാന സൗകര്യം. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ വാർഫ്, പാസഞ്ചർ ടെർമിനൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം നടന്നു വരുന്നു. കൂടാതെ ഈ പദ്ധതികൾക്കായി കോഴിക്കോട് (വെള്ളയിൽ), കൊച്ചി, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിൽ ഫ്ളോട്ടിംഗ് ജട്ടികൾ നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ